

# ഖുർആൻ ബോധനം 652

**। എ.വൈ.ആർ**

സൂറ-16

# അന്നഹ്ൽ

أَفَأَمِنَ ٱلَّذِينَ مَكَرُواْ ٱلسَّيِّـَٔاتِ أَن يَخْسِفَ ٱللَّهُ بِهِمُ ٱلْأَرْضَ أَوْ يَأْتِيَهُمُ
ٱلْعَذَابُ مِنْ حَيْثُ لَا يَشْعُرُونَ ﴿٤٥﴾

**45.** സത്യപ്രബോധനം പരാജയപ്പെടുത്താൻ ദുഷ്ട തന്ത്രങ്ങൾ പ്രയോഗിക്കുന്നവർ നിർഭയരാണോ, അല്ലാഹു അവരെ ഭൂമിയിൽ ആഴ്ത്തിക്കളയില്ലെന്ന്, അല്ലെങ്കിൽ അവർ ഊഹിക്കാത്ത കോണുകളിൽനിന്ന് ശിക്ഷ വന്നുഭവിക്കുകയില്ലെന്ന്?

أَوْ يَأْخُذَهُمْ فِى تَقَلُّبِهِمْ فَمَا هُم بِمُعْجِزِينَ ﴿٤٦﴾

**46.** അതല്ലെങ്കിൽ അവർ നാട്ടിൽ വിഹരിച്ചുകൊണ്ടിരിക്കെ രക്ഷപ്പെടാനാവാത്ത വണ്ണം ആകസ്മികമായി അതു പിടികൂടുന്നതിനെക്കുറിച്ച്?

أَوْ يَأْخُذَهُمْ عَلَىٰ تَخَوُّفٍ فَإِنَّ رَبَّكُمْ لَرَءُوفٌ رَّحِيمٌ ﴿٤٧﴾

**47.** അല്ലെങ്കിൽ അതിന്റെ ആഗമനത്തെക്കുറിച്ച് സംഭീതരായിരിക്കുമ്പോൾ പിടികൂടുന്നതിനെക്കുറിച്ച് നിർഭയരാണോ? തീർച്ചയായും നിങ്ങളുടെ നാഥൻ ഏറ്റം കനിവുള്ളവനും ദയാപരനും തന്നെയാകുന്നു.

أَوَلَمْ يَرَوْاْ إِلَىٰ مَا خَلَقَ ٱللَّهُ مِن شَىْءٍ يَتَفَيَّؤُاْ ظِلَٰلُهُۥ عَنِ ٱلْيَمِينِ
وَٱلشَّمَآئِلِ سُجَّدًا لِّلَّهِ وَهُمْ دَٰخِرُونَ ﴿٤٨﴾

**48.** അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഒരു പദാർഥവും അവർ നോക്കി കണ്ടിട്ടില്ലെയോ? അതിന്റെ നിഴലുകൾ അല്ലാഹുവിനെ പ്രണമിച്ചുകൊണ്ട് ഇടവും വലവുമായി വീഴുന്നു. ഈ വിധം സകലതും അവന് കീഴ്പ്പെട്ടവരാകുന്നു.

وَلِلَّهِ يَسْجُدُ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ مِن
دَآبَّةٍ وَٱلْمَلَٰٓئِكَةُ وَهُمْ لَا يَسْتَكْبِرُونَ ﴿٤٩﴾

**49.** ഭൂലോകത്തും വാനലോകങ്ങളിലുമുള്ള ജീവജാലങ്ങളും മലക്കുകളുമെല്ലാം അല്ലാഹുവിനെ പ്രണമിച്ചു കൊണ്ടിരിക്കുകയാകുന്നു. അവന്റെ മുമ്പിൽ ആരും ഗർവിഷ്ഠരാകുന്നില്ല.

يَخَافُونَ رَبَّهُم مِّن فَوْقِهِمْ وَيَفْعَلُونَ مَا يُؤْمَرُونَ ۩ ﴿٥٠﴾

**50.** എല്ലാവരും മേലായ വിധാതാവിനെ ഭയപ്പെടുകയും അവനാൽ ആജ്ഞാപിക്കപ്പെടുന്നതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു.

أَفَأَمِنَ = നിർഭയരാണോ

ٱلَّذِينَ مَكَرُواْ ٱلسَّيِّـَٔاتِ = ദുഷ്ടതകൾ തന്ത്രപൂർവം ചെയ്തവർ(സത്യപ്രബോധനം പരാജയപ്പെടുത്താൻ ദുഷ്ടതന്ത്രങ്ങൾ പ്രയോഗിക്കുന്നവർ)

أَن يَخْسِفَ ٱللَّهُ بِهِمُ ٱلْأَرْضَ = അല്ലാഹു അവരെയും കൊണ്ട് ഭൂമിയെ പിളർക്കുന്നത്(അവരെ ഭൂമിയിൽ ആഴ്ത്തിക്കളയുകയില്ലെന്ന്)

أَوْ يَأْتِيَهُمُ ٱلْعَذَابُ = അല്ലെങ്കിൽ ശിക്ഷ വന്നുഭവിക്കുകയില്ലെന്ന്

مِنْ حَيْثُ لَا يَشْعُرُونَ = അവർ അറിയാത്ത വിധത്തിൽ(അവർ ഊഹിക്കാത്ത കോണുകളിൽനിന്ന്)

أَوْ يَأْخُذَهُمْ = അല്ലെങ്കിൽ അത് അവരെ(ആകസ്മികമായി) പിടികൂടുന്നതിനെ കുറിച്ച്

فِى تَقَلُّبِهِمْ= അവരുടെ മറിച്ചിലിൽ(നാട്ടിൽ വിഹരിച്ചുകൊണ്ടിരിക്കെ)

فَمَا هُم بِمُعْجِزِينَ= അപ്പോൾ അവർ തോൽപിക്കുന്നവരല്ല(അവർക്ക് രക്ഷപ്പെടാനാവാത്ത വണ്ണം)

أَوْ يَأْخُذَهُمْ= അതുമല്ലെങ്കിൽ അതവരെ പിടികൂടുന്നതിനെക്കുറിച്ച്

عَلَىٰ تَخَوُّفٍ= (അതിന്റെ ആഗമനത്തെക്കുറിച്ച്) ഭയത്തിന്മേൽ(സംഭീതരായിരിക്കുമ്പോൾ)

فَإِنَّ رَبَّكُمْ= തീർച്ചയായും നിങ്ങളുടെ വിധാതാവ് لَرَءُوفٌ= ഏറെ കനിവുറ്റവൻ തന്നെയാകുന്നു رَّحِيمٌ= ദയാമയ(നും)നായ

أَوَلَمْ يَرَوْا= അവർ നോക്കി കണ്ടിട്ടില്ലെയോ? إِلَىٰ مَا خَلَقَ ٱللَّهُ= അല്ലാഹു സൃഷ്ടിച്ചതിലേക്ക് مِن شَىْءٍ= വസ്തുവാൽ(ഒരു പദാർഥവും)

يَتَفَيَّؤُا۟= മടങ്ങുന്നു, (വീഴുന്നു) ظِلَـٰلُهُۥ= അതിന്റെ നിഴലുകൾ عَنِ ٱلْيَمِينِ= വലതു വശത്തുനിന്ന്

وَٱلشَّمَآئِلِ= ഇടതുവശങ്ങളിലും سُجَّدًا لِّلَّهِ= അല്ലാഹുവിനെ പ്രണമിക്കുന്നവരായിക്കൊണ്ട്

وَهُمْ دَٰخِرُونَ= അവർ കീഴ്പ്പെട്ടവരായ നിലയിൽ(ഈ വിധം സകലതും അവന്ന് കീഴ്പ്പെട്ടവരാകുന്നു)

وَلِلَّهِ يَسْجُدُ = അല്ലാഹുവിനെ പ്രണമിച്ചുകൊണ്ടിരിക്കുകയാകുന്നു مَا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ= ആകാശ ഭൂമികളിലുള്ളത്(എല്ലാം)

مِن دَآبَّةٍ= ജീവജാലത്താൽ وَٱلْمَلَـٰٓئِكَةُ= മലക്കുകളും وَهُمْ= അവർ(അവന്റെ മുമ്പിൽ ആരും)

لَا يَسْتَكْبِرُونَ= ഗർവിഷ്ഠർ(ധിക്കാരികൾ) ആകുന്നില്ല يَخَافُونَ= അവർ(എല്ലാവരും) ഭയപ്പെടുന്നു

رَبَّهُم مِّن فَوْقِهِمْ= അവർക്കു മീതെ നിന്ന് അവരുടെ നാഥനെ(മേലായ വിധാതാവിനെ)

وَيَفْعَلُونَ= അവർ പ്രവർത്തിക്കുകയും ചെയ്യുന്നു مَا يُؤْمَرُونَ= (അവനാൽ) അവൻ ആജ്ഞാപിക്കപ്പെടുന്നത്

**45-47.** സത്യ-ധർമങ്ങൾ മനപൂർവം തള്ളിക്കളഞ്ഞ് അധർമത്തിലുറച്ചു നിൽക്കുന്നവർ ഇഹലോകത്തും പരലോകത്തും ശിക്ഷിക്കപ്പെടുമെന്ന പ്രവാചകന്റെ താക്കീതിനെയും ഗർവിഷ്ഠരായ അവിശ്വാസികൾ പുഛിച്ചു തള്ളിയിരുന്നു. ഞങ്ങളുടെ നിലപാട് ദൈവകോപത്തിനിടയാക്കുന്നതാണെങ്കിൽ അവന്റെ ശിക്ഷ ഇപ്പോൾ തന്നെ ഇങ്ങു കൊണ്ടുവന്നാട്ടെ എന്നവർ വെല്ലുവിളിച്ചിരുന്നു. അതോടൊപ്പം പ്രവാചകനെയും ഇസ്‌ലാമിനെയും പരാജയപ്പെടുത്താൻ നീചാൽ നീചതരമായ എല്ലാ കുടിലതന്ത്രങ്ങളും പ്രയോഗിച്ചു കൊണ്ടുമിരുന്നു. പ്രവാചകനും ശിഷ്യന്മാർക്കും ഊരുവിലക്കേർപ്പെടുത്തുക, വിശ്വാസികളെ ക്രൂരമർദനങ്ങൾക്കിരയാക്കുക, നാട്ടിൽനിന്ന് ആട്ടിയോടിക്കുക, പ്രവാചകനെ തന്നെ കൊന്നുകളയുകയോ നാടുകടത്തുകയോ ചെയ്യാൻ പദ്ധതിയിടുക തുടങ്ങിയവ അക്കൂട്ടത്തിൽ ചിലതാണ്.

അത്തരം ആളുകളെ ചൂണ്ടിക്കൊണ്ട് പറയുകയാണ്: അത്ഭുതകരമാണീ കൂട്ടരുടെ ധാർഷ്ട്യം. എന്തടിസ്ഥാനത്തിലാണ് അവർക്കുശേഷം ഭയമില്ലാതെ ദൈവകോപത്തെ വെല്ലുവിളിക്കുന്നത്. വസിക്കുന്ന ഭൂഭാഗം ഒന്നിളക്കുകയേ വേണ്ടൂ അവർ കുഴിച്ചുമൂടപ്പെടാൻ. അവർക്കു ചുറ്റും പല ജനതകളെ അല്ലാഹു ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞത് കണ്ടിട്ടില്ലേ? يَخْسِفَ ٱللَّهُ بِهِمُ ٱلْأَرْضَ എന്നാണ് മൂലവാക്യം. ആഴമുള്ള ഗർത്തങ്ങളുണ്ടായി മനുഷ്യരും കെട്ടിടങ്ങളുമെല്ലാം അതിനകത്തു മറഞ്ഞുപോകും വണ്ണമുള്ള ഭയങ്കരമായ ഭൂകമ്പമാണ് خسف. ഈ വിധത്തിൽ ബാബിലോണിയയിലുണ്ടായ ഭൂകമ്പം അറബികൾക്കിടയിലും പ്രസിദ്ധമായിരുന്നു. സദോം ദേശം അതിലെ നിവാസികളോടൊപ്പം കീഴ്മേൽ മറിയുകയും ചാവുകടലിൽ അപ്രത്യക്ഷമാവുകയും ചെയ്ത കഥയും അവർക്കറിവുള്ളതാണ്. خسف അകർമകമായും സകർമകമായും ഉപയോഗിക്കും. ഭൂകമ്പമുണ്ടായി അല്ലെങ്കിൽ ഭൂമി കുലുങ്ങി എന്ന അർഥത്തിൽ خسف الأرض എന്നു പറയും. خسف الله الأرض എന്നാൽ അല്ലാഹു ഭൂമിയെ വിറപ്പിച്ച്, ഭൂകമ്പമുണ്ടാക്കി എന്നാകുന്നു. ചിലപ്പോൾ മനുഷ്യർ ഒട്ടും പ്രതീക്ഷിക്കാത്ത ദിശയിൽ ആപത്തുകൾ വന്നു ഭവിക്കുന്നു. അപ്പോൾ എത്ര വികസിതരും പ്രബലരും പരാക്രമശാലികളുമായാലും വേണ്ട മുൻകരുതലുകളെടുത്ത് അതിനെ മറികടക്കാൻ ആർക്കും കഴിയില്ല. നൂഹ് ജനത നേരിടേണ്ടി വന്ന ആകസ്മികമായ മഹാപ്രളയവും ഫറവോന്റെ അന്ത്യവും അതിനുദാഹരണങ്ങളാകുന്നു. മൂലത്തിലെ تقلب ന്റെ ഭാഷാർഥം മുന്നോട്ടും പിന്നോട്ടുമുള്ള ചലനം എന്നാണ്. അവർ വ്യാപാര യാത്രകളിലായിരിക്കുമ്പോൾ എന്നാണ് അധിക വ്യാഖ്യാതാക്കളും ഇതിനെ വ്യാഖ്യാനിച്ചിരിക്കുന്നത്. കച്ചവടം, യാത്ര, സംസാരം, പരസ്യമത്സരം തുടങ്ങിയ ദൈനംദിന ജീവിത ഇടപാടുകളിൽ മുഴുകുന്നതിനും تقلب എന്നുപറയും. ഈ ആശയമാണ് സന്ദർഭവുമായി കൂടുതൽ യോജിക്കുന്നത്. ആപത് സാധ്യത നിഷേധിക്കാതെ, വരുമ്പോൾ കാണാം എന്ന മട്ടിൽ ജീവിത വ്യവഹാരങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾ ആകസ്മികമായി അതുപിടികൂടിയാൽ അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ല.

ചിലപ്പോൾ ആപത്തിന്റെ ആഗമനം ലക്ഷണങ്ങളിലൂടെ ജനങ്ങളെ ഉൽകണ്ഠാകുലരാക്കുന്നു. വരൾച്ച, ക്ഷാമം, അതിശൈത്യം, അത്യുഷ്ണം തുടങ്ങിയവ ഉദാഹരണം. ആധുനിക കാലത്ത് കൊടുങ്കാറ്റ്, ഭൂകമ്പം, അതിവൃഷ്ടി തുടങ്ങിയ വിപത്തുകൾ ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മുൻകൂട്ടി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അപ്പോൾ ഒരളവോളം ഇരകൾക്ക് അതിന്റെ കെടുതികളിൽ നിന്ന് രക്ഷപ്പെടാൻ കഴിയുന്നു. ഈ മുന്നറിവ് അല്ലാഹുവിന്റെ കനിവിന്റെയും കാരുണ്യത്തിന്റെയും പ്രവർത്തനമാണ്. അതുമാത്രമല്ല; ആളുകൾ അല്ലാഹുവിനോടും അവന്റെ ദൂതനോടും ശിക്ഷക്കുവേണ്ടി ധൃതികൂട്ടുമ്പോൾ ഉടനെ ശിക്ഷിക്കാതിരിക്കുന്നതും അവന്റെ കാരുണ്യം കൊണ്ടുതന്നെയാണ്. മനുഷ്യർ അസത്യങ്ങളിൽനിന്നും അധർമങ്ങളിൽനിന്നും സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങുന്നതും അതുവഴി ഇഹത്തിലും പരത്തിലും രക്ഷാർഹരാകുന്നതുമാണ് അവൻ ഇഷ്ടപ്പെടുന്നത്. അതുകൊണ്ട് ദുഷ്ടജനങ്ങൾക്ക് അവരുടെ നിലപാട് പുനഃപരിശോധിക്കാനും നടപടികൾ സംസ്കരിക്കാനും വേണ്ടത്ര സമയം

നൽകുകയാണവൻ. ആ സമയം പക്ഷെ, പരിധിയില്ലാത്തതല്ല. താൻ നിശ്ചയിച്ച സമയപരിധി ആസന്നമായാൽ ആരെയും അവൻ ശിക്ഷിക്കുക തന്നെ ചെയ്യും.

ഭയമുണ്ടാവലാണ് മൂലത്തിലെ تخوّف. ഇതിന് കുറയൽ, ക്ഷമിക്കൽ -تنَقّص- എന്നും അർഥമുണ്ട്. ചില വ്യാഖ്യാതാക്കൾ ഈ അർഥമാണ് സ്വീകരിച്ചിട്ടുള്ളത്. ജനസംഖ്യയും സാമ്പത്തിക ശേഷിയും രാജ്യാതിർത്തിയുമെല്ലാം ചുരുങ്ങിച്ചുരുങ്ങി സമൂഹത്തിന്റെ സമൃദ്ധിയും ശക്തിയും പ്രതാപവും നശിച്ച് പീഡിതരാകുന്ന അവസ്ഥയെയാണ് സൂക്തം സൂചിപ്പിക്കുന്നതെന്ന് അവർ വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

**48-50.** മുൻസൂക്തങ്ങളുടെ ഉള്ളടക്കത്തെ ദൃഢീകരിച്ചു കൊണ്ട് അല്ലാഹുവിന്റെ ഏകത്വത്തിന്റെയും സർവാധിപത്യത്തിന്റെയും ചില തെളിവുകൾ ഉന്നയിക്കുകയാണിനി. വസ്തുക്കളുടെ നിഴൽ ഭൂമിയിൽ വീഴുന്നത് അല്ലാഹുവിന്റെ ഏകത്വത്തിന്റെ പ്രകൃതിപരമായ ദൃഷ്ടാന്തമാകുന്നു. അല്ലാഹുവിനുള്ള, പദാർഥങ്ങളുടെ പ്രണാമമമാണത്. മടങ്ങി എന്നർഥമുള്ള فىءയിൽ നിന്നുൽഭവിച്ച പദമാണ് تَتَفَيَّؤُا മാഞ്ഞുപോയ നിഴൽ സൂര്യപ്രകാശത്താൽ വീണ്ടും വന്നാൽ فاء الظلّ فيئا എന്നു പറയും. ഉദയാനന്തരവും മധ്യാഹ്നശേഷവും നിഴൽ നീങ്ങിക്കൊണ്ടിരിക്കുന്നതിന് تفيئوا الظلال എന്നും പറയുന്നു. പ്രഭാതത്തിൽ പ്രത്യക്ഷപ്പെടുന്ന നിഴൽ ക്രമത്തിൽ ചുരുങ്ങിച്ചുരുങ്ങിവന്ന് മധ്യാഹ്നത്തോടെ തീരെ ഇല്ലാതാകുന്നു. സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റുമ്പോൾ മുതൽ നിഴൽ ക്രമത്തിൽ വളർന്നു വളർന്നു അസ്തമയത്ത് ഇല്ലാതാകുന്നു. പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള പദാർഥങ്ങളുടെ സുജൂദ്(പ്രണാമം) ആയിട്ടാണിതു വർണിക്കപ്പെടുന്നത്. ഇങ്ങനെ ഓരോ പദാർഥവും സ്ഥിരമായി സുജൂദ് ചെയ്തുകൊണ്ടിരിക്കുകയാണ്.

മനുഷ്യജീവിതത്തിന്റെ ആധാരങ്ങളിലൊന്നാണ് വസ്തുക്കളുടെ നിഴൽ. നിഴൽ എന്നൊരു പ്രതിഭാസം ഇല്ലായിരുന്നുവെങ്കിൽ രാപ്പകൽ വ്യത്യാസം ഉണ്ടാകുമായിരുന്നില്ല. എല്ലാ വസ്തുക്കളും ഗ്ലാസുപോലെ സുതാര്യമായിരുന്നുവെങ്കിൽ മരങ്ങൾക്കു തണലുണ്ടാകുമായിരുന്നില്ല. വീടിനകത്തിരുന്നാലും വെയിൽ കൊള്ളേണ്ടിവരും. രാവും ഉണ്ടാകുമായിരുന്നില്ല. നിഴലും അതിന്റെ കൃത്യമായ നീക്കമാകുന്ന സുജൂദും, ഏകനും അപാരയുക്തിമാനുമായ സ്രഷ്ടാവിനെയാണ് വിളിച്ചറിയിക്കുന്നത്. സൂര്യൻ പടിഞ്ഞാറോട്ടു നീങ്ങുമ്പോൾ നിഴലുകൾ നേരെ എതിരായി കിഴക്കോട്ടാണ് വീഴുന്നത്. സൂര്യൻ കിഴക്കോട്ടഭിമുഖമാകുമ്പോൾ നിഴൽ പടിഞ്ഞാറോട്ടു വീഴുന്നു. നിഴലുകൾ സുജൂദ് ചെയ്യുന്നത് സൂര്യനെയല്ല എന്നാണത് സൂചിപ്പിക്കുന്നത്. ആരെങ്കിലും സൂര്യനെയോ ചന്ദ്രനെയോ നമസ്കരിക്കുന്നുവെങ്കിൽ, അയാളുടെ സ്വന്തം നിഴൽ തന്നെ ആ നടപടിയെ നിഷേധിക്കുന്നുവെന്നതിന്റെ സാക്ഷ്യമായി ഈ പ്രാപഞ്ചിക ദൃഷ്ടാന്തത്തെ കാണാവുന്നതാണ്. അയാൾ സ്വയം സൂര്യനെ പ്രണമിക്കുമ്പോൾ സ്വന്തം നേരെ എതിർദിശയിലേക്ക് തലകുനിക്കുന്നു. അയാൾ അല്ലാഹുവിന്റെ മുമ്പിൽ ബോധപൂർവം തലകുനിക്കാൻ ഇഷ്ടപ്പെടുന്നില്ല. പക്ഷേ, പ്രകൃത്യാ അല്ലാഹുവിന്റെ മുമ്പിൽ തലകുനിക്കാൻ നിർബന്ധിതനാകുന്നു. സൂറ *അർറഅ്ദ്* 15-ാം സൂക്തത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

وَلِلَّهِ يَسْجُدُ مَن فِي السَّمَاوَاتِ وَالْأَرْضِ طَوْعًا وَكَرْهًا وَظِلَالُهُم بِالْغُدُوِّ وَالْآصَالِ ۩ ﴿١٥﴾

(ആകാശ ഭൂമികളിലുള്ളവരൊക്കെയും അല്ലാഹുവിന്നു മാത്രം സുജൂദ് ചെയ്തുകൊണ്ടിരിക്കുന്നു; ബോധപൂർവമായും അല്ലാതെയും. അവരുടെ നിഴലുകൾ പ്രഭാതത്തിലും പ്രദോഷത്തിലും സുജൂദ് ചെയ്യുന്നു). അതായത് ഒരുവൻ ബോധപൂർവം അല്ലാഹുവിന്ന് സുജൂദ് ചെയ്യുമ്പോൾ അവന്റെ സ്വമേധയാ ഉള്ള സുജൂദ് അവന്റെ പ്രകൃതിപരമായ സുജൂദിനോട് പൂർണമായി യോജിക്കുന്നു. ഒരുവൻ അല്ലാഹുവല്ലാത്തവർക്ക് സുജൂദ് ചെയ്യുമ്പോൾ സ്വന്തം നിഴൽ ആ സുജൂദിനെ നിഷേധിച്ചുകൊണ്ടിരിക്കുന്നു. مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ مِن دَابَّةٍ ആകാശ ഭൂമികളിലുള്ള ജീവജാലങ്ങളൊക്കെയും എന്നവാക്യം ഭൂമിക്കു പുറമെയും ജീവസാന്നിധ്യമുള്ള ഗ്രഹങ്ങളുണ്ടെന്നു സൂചിപ്പിക്കുന്നു. ഈ ഭൂമിപോലെ മനുഷ്യവാസമുള്ള ആറു ഗ്രഹങ്ങളെങ്കിലും വാനലോകത്ത് വേറെയുമുണ്ടെന്ന് പൂർവപണ്ഡിതർ ഏഴാകാശം പോലെ ഏഴുഭൂമികളും സൃഷ്ടിച്ചിട്ടുണ്ടെന്ന ഖുർആനിക പരാമർശത്തെ വ്യാഖ്യാനിച്ചു കൊണ്ടഭിപ്രായപ്പെട്ടിട്ടുണ്ട്. നമ്മുടെ ഭൂമി പോലെ വേറെയും ഭൂമികളുണ്ടെങ്കിൽ അവയിൽ നമ്മെപ്പോലുള്ള മനുഷ്യർക്കു പുറമെ മറ്റു ജീവികളുമുണ്ടായിരിക്കുമെന്നാണ് കരുതേണ്ടത്. ഒരുവേള മനുഷ്യർ ഇല്ലെങ്കിലും മറ്റേതോ തരത്തിലുള്ള ജീവികളുള്ള ഗ്രഹങ്ങളുണ്ടെന്നാണ് ഈ വചനം സൂചിപ്പിക്കുന്നത്. ജീവജാലങ്ങളുണ്ടെന്ന് ഉറപ്പിക്കാവുന്ന ഗ്രഹങ്ങൾ കണ്ടെത്താൻ ഇതുവരെ ഗോളശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. അടുത്തകാലത്ത് ചില സൂചനകൾ ലഭിച്ചതായി ചില ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നുണ്ട്. ശാസ്ത്രം കണ്ടെത്തിയാലും ഇല്ലെങ്കിലും ഭൂമിക്ക് പുറമെ ജീവജാലങ്ങളുള്ള ഗ്രഹങ്ങളുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്.

داخرന്റെ ബഹുവചനമാണ് دَاخِرُونَ. ഭവ്യൻ, വിനീതൻ, കീഴടങ്ങിയവൻ, നിസ്സാരൻ, കീഴാളൻ എന്നെല്ലാമാണ് داخرന്റെ അർഥം. പദാർഥങ്ങളുടെ പ്രകൃതിപരമായ സുജൂദ് അവയുടെ കീഴ്വണക്കവും വിധേയത്വവും പ്രകടമാക്കുന്നുവെന്നാണ് താൽപര്യം. ഒരുവൻ അഹന്തയിൽ അല്ലാഹുവിനു പ്രണാമം ചെയ്യാൻ മടിക്കുന്നുവെങ്കിൽ അവൻ തന്റെ സ്വാതന്ത്ര്യത്തിന്റെ വൃത്തത്തിൽ സ്വന്തം മൗലിക പ്രകൃതിയിൽ നിന്നു വ്യതിചലിക്കുകയാണ്.

ആകാശ ഭൂമികളിലുള്ള സകലമാന ചരാചരങ്ങളുടെയും പ്രകൃതി അല്ലാഹുവിനോടുള്ള ആരാധനയിലും അടിമത്തത്തിലുമധിഷ്ഠിതമാകുന്നു. അതിനാൽ പ്രപഞ്ചത്തിലുള്ള സകലതും അവനു പ്രണാമം ചെയ്തുകൊണ്ടിരിക്കുകയാണ്. മലക്കുകളും അല്ലാഹുവിനു മാത്രം സുജൂദ് ചെയ്യുന്നു. മൂഢജനങ്ങൾ അവരെക്കുറിച്ച് എന്തു സങ്കൽപമുണ്ടാക്കിയാലും ശരി, അവർ സ്വയം അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ ദാസന്മാരാകുന്നു. അവന്റെ മുമ്പിൽ ഒരിക്കലും അവർ നിഗളിക്കുന്നില്ല. അവന്റെ ഓരോ ആജ്ഞയും നിസ്സങ്കോചം അനുസരിച്ചുകൊണ്ടിരിക്കുകയാണവർ. അവരുടെ ദൈവസാമീപ്യവും സ്ഥാനവും മഹനീയം തന്നെ. പക്ഷെ അല്ലാഹുവിന്റെ അത്യുന്നത സ്ഥാനത്തെ അപേക്ഷിച്ച് വളരെ താഴെയാണവരുടെ സ്ഥാനം. താങ്കൾക്കു മീതെയുള്ള അല്ലാഹുവിനെ ഏറെ ഭയപ്പെടുന്നവരാണവർ. ഗർവോ തൻ പ്രമാണിത്തമോ അവരെ ഒരിക്കലും സ്പർശിക്കുന്നില്ല. എന്താജ്ഞ ലഭിച്ചാലും ഉടനെ അവരതു നടപ്പിലാക്കുന്നു. ■